പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2738 — 21.06.2012 - ൽ മറുപടിക്ക്

നെല്ല് സംഭരണത്തിലുണ്ടായ അപാകം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. പി.കെ. ബഷീർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് നെല്ല് സംഭരണ ക്കാര്യത്തിൽ അനുവർത്തിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദ മാക്കുമോ; | എ) സപ്ലൈക്കോയുമായി രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല്, കൊയ്ത്ത് കഴി ഞ്ഞ് '7' ദിവസത്തിനകം കേന്ദ്രഗവൺ മെന്റ് നിഷ്ക്കർഷിച്ചിട്ടുള്ള ഗുണമേന്മ യുള്ളതാണെന്ന് ഉറപ്പുവരുത്തി സംഭ രിക്കുവാനുള്ള നടപടി സ്വീകരിച്ചി ട്ടുണ്ട്. നെല്ല് നൽകിയ കർഷകർക്ക്, വില സംബന്ധിച്ചുള്ള വിവരം വെബ് സൈറ്റിൽ ലഭ്യമാണ്. നെല്ലിന്റെ വില പൂർണ്ണമായും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകു ന്നത്. ഈ സംവിധാനം മൂലം ഇടനിലക്കാരെ ഒഴിവാക്കി കർഷ കർക്ക് തന്നെ വില ലഭിക്കുന്നു.<br><br>നെല്ലു സംഭരണത്തിന് ആവശ്യമായ '64' മില്ലുകളെ സംഭരണം തുടങ്ങു ന്നതിന് വളരെ മുമ്പായി തന്നെ ഏർപ്പാടാക്കിയിട്ടുണ്ട്. ഇതുമൂലം പാഡി മാർക്കറ്റിംഗ് ഓഫീസർമാർ ക്കും, മില്ലുകാർക്കും, നെല്ലു സംഭ രണം ഊർജ്ജിതമാക്കുന്നതിനുവേണ്ടി ഇതുമായി ബന്ധപ്പെട്ടവരുടെ ഏകോ പനം നടത്തുന്നതിനും, സംഭരണ ത്തിൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ മുൻപേ കണ്ട് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്.<br><br>സംഭരണം നടക്കുന്ന കാലയളവിൽ അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br><br>കർഷകരുടെ എല്ലാവിധ സംശയ നിവാരണത്തിനും വേണ്ടി സപ്ലൈകോ |

ഹെഡ് ഓഫീസിൽ ഒരു കൺട്രോൾ റൂം പ്രവർത്തിയ്ക്കുന്നുണ്ട്.

സംഭരണത്തിൽ നേരിടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ഒരു ഏകോപനം നടത്തി ആവശ്യത്തിനുള്ള ലോറികൾ, വള്ളങ്ങൾ, പണിക്കാർ,തൊഴിൽപ്രശ്ന പരിഹാരം, ഗുണമേന്മ സംബന്ധിച്ചുള്ള തർക്കപരിഹാരം എന്നിവയ്ക്കുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബി) ഈ വർഷം നെല്ല് സംഭരണത്തിന് കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടോ;

ബി) ഈ വർഷം നെല്ല് സംഭരണത്തിന് 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സി) മുൻ സർക്കാരിൻെറ കാലത്ത് നെല്ല് സംഭരണത്തിലുണ്ടായ അപാകതകൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച വിശദവിവരം നൽകാമോ;

സി) നെല്ലുസംഭരണത്തെക്കുറിച്ച് പരാതികൾ ഉണ്ടായിട്ടുള്ളത് പ്രധാനമായും സംഭരണത്തിൽ നേരിടുന്ന കാലതാമസവും നെല്ലിൻെറ വില ലഭിക്കുവാനുള്ള താമസവുമാണ്. സംഭരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിയതിലൂടെ സംഭരണം സമയബന്ധിതമായി നടത്തുവാൻ കഴിയുന്നുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക്, കർഷകർക്ക് കാലതാമസം കൂടാതെ നെല്ലിൻെറ വില നൽകുവാനുള്ള സംവിധാനവും നിലവിലുണ്ട്.

ഡി) സംസ്ഥാനത്ത് നെല്ലിൻെറ സംഭരണ വില ഉയർന്നതായതിനാൽ അന്യ സംസ്ഥാന നെല്ല് കേരളത്തിലേക്ക് കടത്തി വിറ്റഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;അതു തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇ) സംഭരണ സംവിധാനത്തിൻെറ അപര്യാപ്തതമൂലം കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് കളങ്ങളിൽ നനഞ്ഞ് നശിക്കുന്ന മുൻകാല സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ?

ഇ) സംഭരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് സംഭരണത്തിലുള്ള കാലതാമസം ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.